**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3091** **18-03-2022 - ൽ മറുപടിയ്ക്ക്**

**കല്ലാനോട് ഫിഷ് ഹാച്ചറി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കല്ലാനോട് ഫിഷ് ഹാച്ചറിയുടെ വികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | (എ) | കല്ലാനോട് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് ബ്രീഡിംഗ് ടാങ്കുകൾ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 2 ഹെക്ടർ സ്ഥലം ഉപയോഗിക്കുന്നതിനുള്ള താൽക്കാലിക പെർമിസീവ് സാങ്ഷൻ നൽകിയിരുന്നു. തുടർന്ന് RIDF Tranche XXVI ൽ ഉൾപ്പെടുത്തി 1580 ലക്ഷം രൂപയുടെ ഒരു തിലാപ്പിയ ഹാച്ചറി ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന സ്ഥാപിക്കുന്നതിനായുള്ള പദ്ധതി പ്രൊപ്പോസൽ പരിഗണയ്ക്കായി NABARD ന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഹാച്ചറിയോടു ചേർന്ന് ജലസേചന വകുപ്പ് വിട്ടുതന്ന രണ്ടേക്കർ ഭൂമിയിൽ ഏന്തൊക്കെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഹാച്ചറി കെട്ടിടം, കനാലിനും, ബണ്ടിനുമുള്ള പാർശ്വ സംരക്ഷണം, സെമി നാച്ചുറൽ പോണ്ട്, വെർട്ടിക്കൽ പോണ്ട് എന്നിവയുടെ നിർമ്മാണം, ബണ്ട് , ഇന്റേണൽ റോഡ്, ഡ്രെയിൻ, ജനറേറ്റർ ഷെഡ്, ഇ.റ്റി.പി ഷെഡ്, റീ സർക്കുലേഷൻ ഷെഡ് എന്നിവയുടെ നിർമ്മാണം, എയ്റേഷൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (സി) | വിനോദസഞ്ചാര കേന്ദ്രം കൂടിയായ കക്കയത്ത് അതിനുള്ള സാധ്യത കൂടി പ്രസ്തുത പദ്ധതിയിൽ പരിഗണിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | (സി) | പ്രസ്തുത സ്ഥലത്ത് ഫാം ടൂറിസം നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | അലങ്കാര മത്സ്യകൃഷി കൂടി പ്രസ്തുത പ്രൊജക്ടിന്റെ ഭാഗമായി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ? | (ഡി) | ഫിഷറീസ് വകുപ്പിന്റെ കൈവശം നിലവിലുള്ള സ്ഥലത്ത് അലങ്കാര മത്സ്യകൃഷി പ്രവർത്തനങ്ങൾ ഏർപ്പെടുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ